ഉത്തരം

(എ) പെരുങ്കടവിള വില്ലേജിൽ റീ സർവ്വേ നമ്പർ 51/1/1, 51/2/1 ഉൾപ്പെട്ട 4 ആർ 0.5 ചതുരശ്ര മീറ്റർ പുരയിടത്തിൽ കെട്ടിട നിർമ്മാണത്തിനുള്ള അപേക്ഷ പെരുങ്കടവിള ഗ്രാമപഞ്ചായത്തിൽ ലഭിച്ചിട്ടുണ്ട്.

(ബി) റൂറൽ ഡെവലപ്മെന്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി എന്ന സ്ഥാപനത്തിനുവേണ്ടി അതിന്റെ പ്രസിഡന്റ് ശ്രീ. കെ. സോമൻ നായർ എന്ന ആളാണ് അപേക്ഷ നൽകിയിട്ടുള്ളത്. 22-9-2012-ൽ ഗ്രാമ പഞ്ചായത്തിൽ നിന്നും എൻ.ഒ.സി. നൽകിയിട്ടുണ്ട്.

(സി) അല്ല.

(ഡി) ഇല്ല.

(ഇ) കെട്ടിടനിർമ്മാണാനുമതി നൽകിയിട്ടുള്ളത് രേഖകൾ പ്രകാരം പുരയിടമായ സ്ഥലത്താണ്. മേൽ സാഹചര്യത്തിൽ പെർമിറ്റ് റദ്ദാക്കേണ്ടതില്ല.

പൊതു ശ്മശാനങ്ങൾ

262 (3549) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിൽ പൊതുശ്മശാനങ്ങൾ ഇല്ലാത്ത പഞ്ചായത്തുകൾ ഉണ്ടോ ; ഉണ്ടെങ്കിൽ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ ;

(ബി) നിലവിൽ ഏതെല്ലാം പഞ്ചായത്ത് മുനിസിപ്പാലിറ്റികളിലാണ് പൊതുശ്മശാനങ്ങൾ ഉള്ളത് എന്ന് വ്യക്തമാക്കാമോ ; പ്രസ്തുത പൊതുശ്മശാനങ്ങൾ ഏതൊക്കെ പ്രദേശത്താണെന്നും പറയാമോ ;

(സി) പുതിയ പൊതു ശ്മശാനങ്ങൾ അനുവദിക്കുന്നതിന് എന്തെല്ലാം മാനദണ്ഡങ്ങളാണ് ഉള്ളതെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്. കാഞ്ഞങ്ങാട് മണ്ഡലത്തിലെ പൊതുശ്മശാനങ്ങളില്ലാത്ത ഗ്രാമപഞ്ചായത്തുകൾ ബളാൽ, കള്ളാർ, പനത്തടി എന്നിവയാണ്.

(ബി) പൊതു ശ്മശാനങ്ങളുള്ള കാഞ്ഞങ്ങാട് മണ്ഡലത്തിലെ പഞ്ചായത്തുകളും അവയുടെ പ്രദേശങ്ങളും ചുവടെ ചേർക്കുന്നു:

LIBRARY ARCHIVES Kerala Legislative Assembly

ക്രമ നമ്പർ	പഞ്ചായത്ത്	പ്രദേശം
(1)	(2)	(3)
1	അജാനൂർ	മാവുങ്കൽ
2	ബദിയടുക്ക	ചെന്നാർകട്ടെ, മുക്കംപാറ, സീതാംഗോളി, വിഷ്ണുമൂർത്തി, നഗർബേള, വിദ്യാഗിരി.
3	ബേഡഡുക്ക	കൊളത്തൂർ, കുണ്ടംകുഴി, ചെമ്പക്കാട്
4	ദേലമ്പാടി	അഡൂർ, പാണ്ടി
5	ഈസ്റ്റ് എളേരി	കടുമേനി
6	കയ്യൂർ ചീമേനി	അട്ടുവേനി, മുഴക്കോം, നാലിലാംകണ്ടം, നാലുകുന്ന്, കള്ളപ്പാത്തി, തിമിരി.
7	കിനാനൂർ കരിന്തളം	തലയടുക്കം, പൂരിപ്പാറ, കൊണ്ടോട്ടി
8	കാറഡുക്ക	പൂവടുക്ക
9	കോടോംബേളൂർ	ഗാഡില്ലുഡെ, നടുവങ്ങാടി
10	കുമ്പള	കുമ്പള
11	മധൂർ	കേളുഗുഡെ, ശിരിബാഗിലു, ഉദയഗിരി, മധൂർ
12	മടിക്കൈ	എരിക്കുളം
13	മംഗൽപാടി	ചെറുഗോളി, ഷിറിയ, പച്ചിലംപാറ, ബന്തിയോട്, ഐലമൈതാൻ
14	മഞ്ചേശ്വരം	ഹൊസങ്കടി, അംബേദ്കർ, ഉദ്യാർമാട, ശാന്തിനഗർ, ഇടിയ, മുള്ളഗുഡെ, വാമഞ്ചൂർ
15	മീഞ്ച	ബേരിക്ക
16	മൊഗ്രാൽപുത്തൂർ	ബ്ലാർക്കോട്
17	പടന്ന	ഉദിനൂർ
18	പള്ളിക്കര	മവ്വൽ
19	പീലിക്കോട്	വലിയപൊയിൽ, എടാച്ചേരി, മട്ടലായി
20	പുല്ലൂർ പെരിയ	കണ്ണോത്ത്, കറ്റാടത്ത് പാറ

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)
21	പുത്തിഗെ	പെർണ, ബാസ്മൂർ
22	തൃക്കരിപ്പൂർ	ഇളമ്പച്ചി
23	ഉദുമ	കരിപ്പോടി, നാലാംവാതുക്കൽ, കോടികടപ്പുറം
24	വലിയപറമ്പ	പടന്ന കടപ്പുറം
25	വോർക്കാടി	അരിബെയിൽ
26	എൻമകജെ	തളിക്കുണ്ട്, ബജകുട് ലു, കാട്ടുമുക്ക്.

മുനിസിപ്പാലിറ്റികളിലെ പൊതുശ്മശാനങ്ങൾ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ച് വരുന്നു.

(സി) കേരള പഞ്ചായത്ത് രാജ് (ശവം മറവ് ചെയ്യാനും ദഹിപ്പിക്കാനുമുള്ള സ്ഥലങ്ങൾ) ചട്ടങ്ങൾ 1998 പ്രകാരം പുതിയ ശ്മശാനങ്ങൾ അനുവദിക്കുന്നുണ്ട്.

ടൗൺ ആന്റ് കൺട്രി പ്ലാനിംഗ്

263 (3550) ശ്രീ. എ. കെ. ബാലൻ :താഴെകാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് എന്ന പുതിയ സംവിധാനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടി രൂപീകരിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വ്യക്തമാക്കുമോ ;

(സി) ആസൂത്രണ ബോർഡ് ഈ സംവിധാനം ശിപാർശ ചെയ്തിട്ടുണ്ടോ ;

(ഡി) ഈ സംവിധാനം നിലവിൽ വന്നാൽ നിലവിൽ പ്രവർത്തിക്കുന്ന ജില്ലാ പ്ലാനിംഗ് ഓഫീസുകൾക്ക് പ്രസക്തിയുണ്ടോ ;

(ഇ) പുതിയ ഈ സംവിധാനം നടപ്പിലാക്കുന്നതിന് മുമ്പ് രാഷ്ട്രീയ പാർട്ടികളുമായോ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായോ ചർച്ച ചെയ്തിട്ടുണ്ടോ ; ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) തീരുമാനിച്ചിട്ടുണ്ട്. കേരളാ ഗവർണർ 2014 ജൂലൈ 20-ാം തീയതി

LIBRARY ARCHIVES Kerala Legislative Assembly